**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5089** **20-07-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ റോഡുകളിലെ പുറമ്പോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ അമരവിള-കാരക്കോണം, കുടപ്പനമൂട്-വാഴിച്ചൽ, ചൂണ്ടിക്കൽ-ശൂരവക്കാണി, പശുവണ്ണറ-അരുവിക്കര, കീഴാറൂർ-അരുവിക്കര എന്നീ പി.ഡബ്ല്യു.ഡി. റോഡുകളിലെ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്തു നൽകുന്നതിനായി കെ.ആർ.എഫ്.ബി. മുഖേന നൽകിയ കത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തൽസ്ഥിതി ഉൾപ്പെടെയുള്ള വിവരം അറിയിക്കാമോ; | (എ) | അമരവിള ഒറ്റശേഖരമംഗലം റോഡ് അഭിവൃദ്ധിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിനായി നെയ്യാറ്റിൻകര, പെരുങ്കടവിള, കൊല്ലയിൽ എന്നീ വില്ലേജുകളിൽ നിന്നും റിപ്പോർട്ടും രേഖകളും ലഭ്യമാക്കി സർവ്വയർക്ക് ഫയൽ നൽകിയിട്ടുള്ളതും അമരവിള ജംഗ്ഷൻ മുതൽ അയിരൂർ വരെയുള്ള റോഡിന്റെ പുറമ്പോക്ക് സ്ഥലങ്ങൾ പരിശോധിക്കുന്നതിനും ഫീൽഡ് വർക്ക് ചെയ്യുന്നതിനുമായി 3 സർവ്വെയർമാരെ നിയോഗിച്ചുകൊണ്ട് നടപടിക്രമം തയ്യാറാക്കുകയും ആയതിൻപ്രകാരം 21.05.2022 ന് സർവ്വെയർമാർ കൂട്ടായി സ്ഥലപരിശോധന നടത്തുകയും ആയതിൽ പെരുങ്കവിള വില്ലേജിൽ ഏകദേശം റോഡിന്റെ ഇരുവശങ്ങളിലായി 17 കിലോമീറ്ററും നെയ്യാറ്റിൻകര വില്ലേജിൽ ഇരുവശങ്ങളിലായി ഏകദേശം 11 കിലോമീറ്ററും കൊല്ലയിൽ വില്ലേജിൽ ഏകദേശം 6 കിലോമീറ്ററും അളക്കേണ്ടതുള്ളതായി കാണുന്നു എന്നും താലൂക്കിൽ ഓരോ സർവ്വെയർക്കും 1500 ൽ അധികം ഫയലുകൾ ഉള്ളതായും പുറമ്പോക്ക് ഫിക്സ് ചെയ്യുന്നതിന് ഒരു മാസത്തോളം ടി ഫയലുകൾ നോക്കാതെ ജോലി ചെയ്യേണ്ടി വരുമെന്നും ആയതു പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടാകും എന്നും ആയതിനാൽ കിഫ്ബിയിൽ നിലവിലുള്ള സർവ്വെയർ മുഖാന്തിരമോ കളക്ടറേറ്റിൽ നിന്നും ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചോ മാത്രമേ ജോലികൾ സമയബന്ധതമായി പൂർത്തിയാക്കാൻ കഴിയുള്ളു എന്നും സർവ്വെയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ച റോഡുകളിലെ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്ത് നൽകുന്നതിനായി അധികമായി ജീവനക്കാരെ നിയോഗിക്കുന്നത് ജില്ലയിലെ ലഭ്യത കൂടി പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്. |
| (ബി) | പുനർനവീകരണത്തിനായി കിഫ്ബി പദ്ധതിയിൽ | (ബി) | അമരവിള ഒറ്റശേഖരമംഗലം റോഡ് |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പ്രസ്തുത റോഡുകളിലെ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്തു നൽകുന്നതിനായി നടപടികൾ സ്വീകരിക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ; | | അഭിവൃദ്ധിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിനായി നെയ്യാറ്റിൻകര, പെരുങ്കടവിള, കൊല്ലയിൽ എന്നീ വില്ലേജുകളിൽ നിന്നും റിപ്പോർട്ടും രേഖകളും ലഭ്യമാക്കി സർവ്വയർക്ക് ഫയൽ നൽകിയിട്ടുള്ളതും അമരവിള ജംഗ്ഷൻ മുതൽ അയിരൂർ വരെയുള്ള റോഡിന്റെ പുറമ്പോക്ക് സ്ഥലങ്ങൾ പരിശോധിക്കുന്നതിനും ഫീൽഡ് വർക്ക് ചെയ്യുന്നതിനുമായി 3 സർവ്വെയർമാരെ നിയോഗിച്ചുകൊണ്ട് നടപടിക്രമം തയ്യാറാക്കുകയും ആയതിൻപ്രകാരം 21.05.2022 ന് സർവ്വെയർമാർ കൂട്ടായി സ്ഥലപരിശോധന നടത്തുകയും ആയതിൽ പെരുങ്കവിള വില്ലേജിൽ ഏകദേശം റോഡിന്റെ ഇരുവശങ്ങളിലായി 17 കിലോമീറ്ററും നെയ്യാറ്റിൻകര വില്ലേജിൽ ഇരുവശങ്ങളിലായി ഏകദേശം 11 കിലോമീറ്ററും കൊല്ലയിൽ വില്ലേജിൽ ഏകദേശം 6 കിലോമീറ്ററും അളക്കേണ്ടതുള്ളതായി കാണുന്നു എന്നും താലൂക്കിൽ ഓരോ സർവ്വെയർക്കും 1500 ൽ അധികം ഫയലുകൾ ഉള്ളതായും പുറമ്പോക്ക് ഫിക്സ് ചെയ്യുന്നതിന് ഒരു മാസത്തോളം ടി ഫയലുകൾ നോക്കാതെ ജോലി ചെയ്യേണ്ടി വരുമെന്നും ആയതു പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടാകും എന്നും ആയതിനാൽ കിഫ്ബിയിൽ നിലവിലുള്ള സർവ്വെയർ മുഖാന്തിരമോ കളക്ടറേറ്റിൽ നിന്നും ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചോ മാത്രമേ ജോലികൾ സമയബന്ധതമായി പൂർത്തിയാക്കാൻ കഴിയുള്ളു എന്നും സർവ്വെയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ച റോഡുകളിലെ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്ത് നൽകുന്നതിനായി അധികമായി ജീവനക്കാരെ നിയോഗിക്കുന്നത് ജില്ലയിലെ ലഭ്യത കൂടി പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്. |
| (സി) | ആര്യൻകോട് പഞ്ചായത്ത് കീഴാറ്റൂർ വില്ലേജിലെ കോവില്ലുവിള പന്തപ്പാച്ചി പ്രദേശത്ത് മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള (30/12/2021 തീയതിയിലെ തിരുവനന്തപുരം കളക്ടറേറ്റ് ഫയൽ നം. H5-376473/2021) നടപടികളുടെ തൽസ്ഥിതി ഉൾപ്പെടെയുള്ള വിവരം അറിയിക്കാമോ? | (സി) | കാട്ടാക്കട താലൂക്കിൽ ആര്യൻകോട് പഞ്ചായത്ത് കീഴാറ്റൂർ വില്ലേജിൽ കോവില്ലുവിള പന്തംപാച്ചി പ്രദേശത്തുണ്ടായ മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതിന് ടി സ്ഥലത്ത് വിശദമായ ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ